**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 733** **23-02-2022 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ വകുപ്പിലെ വർക്കിംഗ് അറേഞ്ച്മെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | രജിസ്ട്രേഷൻ വകുപ്പിൽ ഹെഡ് ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട് എന്നീ സൂപ്പർവൈസറി കേഡർ തസ്തികയിൽ ജോലി ചെയ്യുന്ന എത്ര ഉദ്യോഗസ്ഥർ രജിസ്ട്രേഷൻ ഐ.ജി. ഓഫീസിൽ ക്ലാർക്ക്, സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | രജിസ്ട്രേഷൻ ഐ.ജി ഓഫീസിൽ ജൂനിയർ സൂപ്രണ്ടിന്റെ കേഡർ സ്ട്രെങ്ത് 3 ഉം ഹെഡ് ക്ലർക്ക് തസ്തികയിൽ കേഡർ സ്ട്രെങ്ത് 4ഉം എണ്ണമാണ്. കേഡർ സ്ട്രെങ്ത് അനുസരിച്ചാണ് ഈ തസ്തികകളിൽ നിയമനം നടത്തിയിട്ടുള്ളത്. കേഡർ സ്ട്രെങ്തിനുപരിയായി, രജിസ്ട്രേഷൻ ഐ.ജി ഓഫീസിൽ ക്ലർക്ക്/ സീനിയർ ക്ലർക്ക് തസ്തികയിൽ ജൂനിയർ സൂപ്രണ്ടിനെയോ ഹെഡ് ക്ലർക്കിനെയോ നിയമിച്ചിട്ടില്ല. |
| (ബി) | സൂപ്പർവൈസറി കേഡർ തസ്തികയിൽ സേവനമനുഷ്ഠിക്കേണ്ട ജീവനക്കാരെ സബ് രജിസ്ട്രാർ ഓഫീസുകളിലേക്ക് പുനർ വിന്യസിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | രജിസ്ട്രേഷൻ വകുപ്പിൽ എല്ലാ ഓഫീസുകളിലും സൂപ്പർവൈസറി കേഡർ തസ്തികയിൽ ജീവനക്കാർ നിലവിലുണ്ട്, ആയതിനാൽ പുനർ വിന്യാസം നടത്തേണ്ട സാഹചര്യം നിലവിലില്ല. |
| (സി) | രജിസ്ട്രേഷൻ വകുപ്പിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥ ഇപ്പോഴും നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) | വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥ നിലവിലില്ല. |
| (ഡി) | ഏതെങ്കിലും സബ് രജിസ്ട്രാർമാർ പ്രവൃത്തി ക്രമീകരണ വ്യസ്ഥയിൽ ഐജി ഓഫീസിൽ നിയമിക്കപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ഡി) | പ്രവർത്തി ക്രമീകരണ വ്യവസ്ഥ (working arrangement) യിൽ ഐ.ജി ഓഫീസിൽ സബ് രജിസ്ട്രാർമാരെ നിയമിച്ചിട്ടില്ല. എന്നാൽ രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട നിരവധി പദ്ധതികളുടെ നോഡൽ ഓഫീസറായി പ്രവർത്തിച്ചയാളും, പദ്ധതി നിർവ്വഹണങ്ങളിൽ പ്രാവീണ്യമുള്ളതും, സർക്കാർ നൽകിയിട്ടുള്ള ഇ ഗവേണൻസ് പരിശീലന പരിപാടികൾ പൂർത്തിയാക്കിയിട്ടുള്ളയാളും, ഈ ഓഫീസിൽ പേൾ പ്രോജക്ടുമായി ബന്ധപ്പെട്ടുള്ള സോഫ്റ്റ് വെയർ പരിഷ്കാരങ്ങളുടെ ഏകോപനവും ഇ ഗവേണൻസ് മേൽ നോട്ടവും നിർവ്വഹിച്ചിരുന്നയാളുമായ ഐ.ജി ഓഫീസിലെ ജൂനിയർ സൂപ്രണ്ടിന് സബ് രജിസ്ട്രാർ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ചതിനെതുടർന്ന്, മേൽ കാര്യങ്ങൾ കാര്യ ക്ഷമമായി നടപ്പാക്കുന്നതിനു |

| | | | |
|---|---|---|---|
| | | | ടിയാന്റെ സേവനം ആവശ്യമായതിനാൽ 'ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയായി' ഐ.ജി.ഓഫീസിൽ ടിയാന്റെ സേവനം ഉപയോഗപ്പെടുത്തി വരുന്നു. |
| (ഇ) | രജിസ്ട്രേഷൻ വകുപ്പിൽ എല്ലാ ജില്ലാ രജിസ്ട്രാർമാർക്കും വാഹനം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | ജില്ലാ ഓഫീസുകളിലേയ്ക്കും ആസ്ഥാന ഓഫീസിലേയ്ക്കും പുതിയ വാഹനങ്ങൾ വാങ്ങുന്നതും ലീസിന് എടുക്കുന്നതുമായി ബന്ധപ്പെട്ട പ്രപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ